# അക്കാദമിക

# മാസ്റ്റർ പ്ലാൻ




## എസ്.എച്ച്.സി.ജി.

## എൽ.പി.എസ്.ചാലക്കുടി

**2025 - 2026**

# ഉള്ളടക്കം


1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയത്തിന്റെ ലഘുചരിത്രം

4. പദ്ധതിരൂപീകരണപ്രക്രിയ-

വിവിധ ഘട്ടങ്ങൾ

5. പഠനവിടവ്

6.പരിഹാരബോധനത്തിനായി ഏറ്റെടുക്കേണ്ട

പ്രവർത്തനങ്ങൾ

7. പ്രതീക്ഷിതനേട്ടങ്ങൾ

8. മോണിറ്ററിംഗ്

9. ഉപസംഹാരം

# പ്രാഥമിക വിവരങ്ങൾ

- **Name of the Schoolwith Land Number: - S.H.C.G.L.P.S.Chalakudy-2701048**
- **Name of Revenue Village/Ward : - Chalakudy ,21**
- **Name of Cluster (CRC):- G.L.P.S. Chalakudy**
- **Name of Panchayath:- Chalakudy Muncipality**
- **Name of Block with Phone Number:- Chalakudy**
- **Name of District:- Thrissur**

**Name of HM with mobile number:- Sr. Beena K P Ph: 9567096732**

**ആമുഖം**

ഒരു നാടിന്റെ മുഴുവൻ സ്നേഹവും പ്രോത്സാഹനവും നെഞ്ചിലേറ്റി നൂറാം വർഷത്തിലേയ്ക്ക് കടക്കാൻ വെമ്പുന്ന ചാലക്കുടിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന എസ്. എച്ച്. സി. ജി. എൽ. പി. സ്ക്കൂൾ. 1925 ൽ സ്ഥാപിത മായ ഈ വിദ്യാലയം 2000 മുതൽ പുതിയകെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ആദ്യാക്ഷരം കുറിച്ചു പഠിച്ചു വളർന്നവർ പലരും ഇന്ന് ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നുവെന്നത് ഈ സ്ഥാപനത്തിന്റെ പൊൻതിളക്കം വർദ്ധിപ്പിക്കുന്നു. കുട്ടികളുടെ ഭൗതികമായവളർച്ച മാത്രമല്ല ആത്മീയ വളർച്ചയും ഈ വിദ്യാലയം ലക്ഷ്യം വയ്ക്കുന്നു. അക്കാദമിക രംഗത്തും ഒപ്പംതന്നെ കലാകാ യികശാസ്ത്ര പ്രവൃത്തി പരിചയമേഖലകളിലും വർഷങ്ങളായി ഈ വിദ്യാലയം നേടിയെടുക്കുന്ന ഉന്നതവിജയങ്ങളും കിരീടങ്ങളും ഈ പാരമ്പര്യവും അന്തസ്സും ഇപ്പോഴും നിലനിൽക്കുന്നു എന്നതിന്റെയും നല്ലരീതിയിലുള്ള അധ്യാപനത്തിന്റെയും പരിശീലനത്തി ന്റെയും തെളിവാണ്.

എന്നാൽ അപ്രതീക്ഷിതമായി കടന്നുവന്ന കോവിഡ് മഹാമാരി ഈ ലോകം മുഴുവനെയും കാര്യമായി ബാധിച്ചപ്പോൾ അതിനെ അതിജീവിക്കാൻ വിദ്യാഭ്യാസ മേഖലയും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനം ഓൺലൈൻ പഠന ത്തിലൂടെ ഏറെ മുന്നിലായി എന്നത് പ്രശംസനീയമാണ്. എന്നാൽ നേരിട്ടുള്ള അധ്യയനത്തിലൂടെ വിദ്യാർത്ഥികൾ ആർജ്ജിച്ചെടുക്കാമായിരുന്ന വിവിധ തല ങ്ങളിലെ വളർച്ച നേടിയെടുക്കാൻ മുഴുവൻ കുട്ടികൾക്കും സാധിച്ചിട്ടില്ല എന്നത് നിസ്സംശയം പറയാനാകും. മാതാപിതാക്കൾ ഏറെ ശ്രദ്ധപുലർത്തുന്ന കുട്ടി കൾക്ക് ഈ മികവ് പുലർത്താൻ സാധിച്ചപ്പോൾ സാങ്കേതിക ഉപകരണങ്ങളുടെ ലഭ്യത കുറവും സാമ്പത്തികപരാധീനതകളുമുള്ള കുട്ടികളെ സംബന്ധിച്ച് അവ രുടെ വികസന മേഖലകളെ വേണ്ടവിധത്തിൽ ഉയർത്തുവാൻ സാധിച്ചിട്ടില്ല

എന്ന് സമ്മതിക്കാതെ വയ്യ. ഇത്തരുണത്തിൽ നടത്തിയ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ഈ വർഷം കുട്ടികളുടെ പഠനവിടവ് കണ്ടെത്തി അവയെ നികത്താനുള്ള പരിഹാരബോധനത്തിന് പിൻനിരയിലുള്ളവരെക്കൂടി മുൻ നിര യിലേയ്ക്കെത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ എന്ന ആശയത്തിന് പ്രാധാന്യം നൽകിക്കൊണ്ട് അവധിക്കാല പരിശീ ലനവും ആസൂത്രണപരിപാടികളും നൽകപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ ഓരോ ക്ലാസ്സിനും ഓരോ വിഷയത്തിനും തിരിച്ചുതിരിച്ച് അക്കാദമിക ആക്ഷൻപ്ലാൻ തയ്യാറാക്കി. തുടർന്ന് അവയുടെ ക്രോഡീകരണത്തിലൂടെ വിദ്യാലയത്തിന്റെ വിവിധ മേഖല കളിലൂടെയുള്ള വികാസം മുന്നിൽ കണ്ടുകൊണ്ട് ഒരു വർഷംനീണ്ടുനിൽക്കുന്ന വൈവിധ്യ മാർന്ന പരിപാടികളിലൂടെ കുട്ടികളിൽ നഷ്ടപ്പെട്ടുപോയവയെ പുനരുദ്ധരിക്കാൻ ഈ മാസ്റ്റർ പ്ലാനിന് സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് നല്ല ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹികട്ടെ എന്ന പ്രാർത്ഥനയോടെ......

## ലക്ഷ്യങ്ങൾ

- **വിവിധ വിഷയങ്ങളിൽ കുട്ടികളുടെ പഠന നിലവാരം കണ്ടെത്തുക**
- **പഠനപിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ പഠനപുരോഗതിയിലേക്ക് നയിക്കുക.**
- **അക്കാദമിക സ്കോളർഷിപ്പുകൾക്കായി കുട്ടികളെ ഒരുക്കുക**
- **കുട്ടികളുടെ അക്ഷരജ്ഞാനം ഉറപ്പിക്കുന്നതിനു പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക**
- **രസകരമായ ഗണിതകളികളിലൂടെ അടിസ്ഥാന ഗണിതപാഠങ്ങളും ചതുഷ്ക്രിയ കളും ഗണിതകേളിയിലൂടെ കുട്ടികൾക്ക് പകർന്നു കൊടുക്കുന്നു**
- **ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ലിംഗോ ലീപ് പദ്ധതി.**
- **പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പരിസ്ഥിതി പഠനം ആസ്വാദ്യകരമാക്കുക**
- **പ്രവൃത്തി പരിചയ കലാവാസനകൾ വളർത്തുന്നതിനായി പ്രത്യേകം പ്രവർത്തനങ്ങൾ കായികശേഷി വർധിപ്പിക്കുന്നതിനായി കരാട്ടെ, യോഗ പരിശീ ലനം**

## ലഘുചരിത്രം

ചാലക്കുടി പട്ടണത്തിന്റെ ഹൃദയഭാഗത്തായി 98 വർഷ ത്തെ പാരമ്പര്യമുള്ള എസ്. എച്ച്. സി. ജി. എൽ. പി. സ്ക്കൂൾ അതി ന് അഭിമാനിക്കാനും ആഹ്ളാദിക്കാനും ഒരു ചരിത്രം തന്നെയുണ്ട്. 1925 ഏപ്രിൽ മാസത്തിൽ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹം അപ്രാ പ്യമായിരുന്ന വിദ്യ സാധാരണജനങ്ങൾക്ക് പകർന്ന് ചാലക്കുടിയെ നഗരവത്ക്കരണത്തിന്റെ പാതയിലെത്തിച്ചു. ആയിരക്കണക്കിന് വിദ്യാർത്ഥിനികൾ അക്ഷരജ്ഞാനം നേടി കടന്നു പോയ തിന്റെ ഓർമ്മകൾ ഈ വിദ്യാലയം അയവിറക്കുന്നു.

പ്രഗല്ഭരായ പ്രധാനാധ്യാപികയും സഹപ്രവർത്തകരും ശക്തരായ പി. ടി. എ, എം. പി. ടി, എസ്. എസ്. ജി. അംഗങ്ങളും മാനേജ്മെന്റിനോടൊപ്പം പ്രവർത്തിച്ചതിന്റെ ഫലമായി ഇന്നും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മുൻപന്തിയിൽത്തന്നെ.

ശാസ്ത്രം, ഗണിതം, ആരോഗ്യം, കാർഷികം, ശുചിത്വം, ബുൾ ബുൾ എന്നീ ക്ലബ്ബുകളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ കുട്ടികളുടെ ഒത്തൊരുമയെ പരിപോഷിപ്പി ക്കുന്നതിനും വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടെ പങ്കാളികളാകാനും കുട്ടികളെ പ്രേരിപ്പിക്കുന്നു. വാതിൽപ്പുറ പഠനങ്ങളും ഫീൽഡ് ട്രിപ്പുകളും കുട്ടികളുടെ ജിജ്ഞാസ ഉണർ ത്താനും സമൂഹത്തെ അടുത്തറിയാനുമുള്ള സാഹചര്യങ്ങളൊരുക്കാനുള്ള അവസരങ്ങളണ്. പ്രാധാന്യമേറിയ ദിനങ്ങളുടെ ആചരണവും അതോടനുബന്ധിച്ച് നടത്തപ്പെടുന്ന മത്സരങ്ങളും കുട്ടികളുടെ അറിവ് വർദ്ധിപ്പിക്കാൻ സഹായകമാവുകയാണ്. കൂടാതെ പാട്ട്, ഡാൻസ്, പ്രവർത്തി പരിചയം, കായികം എന്നിവയിലും പരിശീലനം നൽകിവരുന്നു. തിരുബാലസഖ്യം, അൽഫോൻ സാഗാർഡൻ എന്നിവയുടെ നേതൃത്വത്തിൽ നടത്തുന്ന ധ്യാനങ്ങളും പ്രാർത്ഥനാ കൂട്ടായ്മകളും കുട്ടികളുടെ ആത്മീയ വളർച്ചയെ പരിപോഷിപ്പിക്കുന്നു. ആത്മീയ കാര്യങ്ങളിൽ ഈ വിദ്യാലയം നൽകിവരുന്ന പ്രത്യേക പരിഗണനയും കൗൺസിലിങ്ങും കുട്ടികളുടെ സ്വഭാവരൂപീകരണത്തിന്റെ പ്രധാന പങ്കുവഹിക്കുന്നു.

ഓണം, ക്രിസ്തുമസ്, തുടങ്ങിയ വിശേഷ ദിവസങ്ങളിലെ ആഘോഷവും സദ്യയും വിദ്യാലയത്തിൽ ഉത്സവപ്രതീതി ഉണർത്തുന്നു. കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യമാക്കികൊണ്ടുള്ള വിദ്യാഭ്യാസം എല്ലാ തരത്തിലും എല്ലാ മേഖലകളിലും 100% ഫലം പുറപ്പെടുവിക്കുന്ന രീതിയിൽ ഈ വിദ്യാലയം വളർന്നുകൊണ്ടിരിക്കുന്നു. അധ്യാപകരും വിദ്യാർഥിനികളും രക്ഷിതാക്കളും നാട്ടുകാരും ഏറെ സഹകരിക്കുന്ന ഈ തിരുഹൃദയവിദ്യാലയം ഇനിയും ഉയരങ്ങൾ കീഴടക്കട്ടെ. സമൂഹത്തിന് നന്മചെയ്യുന്ന ഒരുതലമുറ രൂപപ്പെടുവാൻ അറിവിൻ ലോകത്തേക്ക് പിച്ചവെയ്ക്കുവാൻ ഒരുങ്ങുന്ന നിരവധി കുരുന്നു കാൽപാദങ്ങൾ പതിയുന്ന മണ്ണായിത്തീരട്ടെ ഈ വിദ്യാലയത്തിരുമുററം.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

- **അവധിക്കാല പരിശീനത്തിലൂടെ ക്ലാസ്സ്തല അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കാനുള്ള പരിശീലനം ലഭിച്ചു.**
- **എസ്. ആർ. ജി യോഗത്തിൽ ക്ലാസ്സ്തല അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കലും ചർച്ച ചെയ്യലും**
- **സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കലും അവതരിപ്പിക്കലും ചർച്ച ചെയ്യലും**
- **സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ പി.ടി.എ, എം.പി.ടി.എ, എസ്.ആർ.ജി, എസ്.എസ്.ജി, രാഷ്ട്രീയ സംഘ ടനാപ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന യോഗത്തിൽ അവതരിപ്പിക്കൽ**

### അവസ്ഥാവിശകലന ഘട്ടങ്ങൾ

- **പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം കണ്ടെത്തൽ**
- **പ്രീ ടെസ്റ്റിലൂടെ കണ്ടെത്തിയ നിലവാരമനുസരിച്ച് കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി തിരി ക്കൽ**
- **വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ കുട്ടികളിൽ കണ്ടെത്തിയ പഠനവി ടവുകൾക്കനുസൃതം പ്രവർത്തനപദ്ധതി പുനഃക്രമീകരിക്കൽ**
- **സമയം നിജപ്പെടുത്തി ക്ലാസ്സ് ക്രമീകരിക്കൽ**
- **നിരന്തര മൂല്യനിർണ്ണയത്തിലൂടെ കുട്ടികളുടെ പുരോഗതി പരിശോധിക്കൽ**
- **മുൻനിരയിലേയ്ക്കുവരുന്ന കുട്ടികൾക്ക് ആത്മവിശ്വാസം നൽകി കൂടുതൽ പ്രവർത്തനങ്ങളിൽ സ്വതന്ത്രമായി ഇടപെടുന്നതിന് അവസരം നൽകുന്നു**

➢ പിൻനിരയിലായിരുന്ന മുഴുവൻ കുട്ടികളും അടിസ്ഥാന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തൽ

## പരിമിതികൾ:-

- കുട്ടികളുടെ ശ്രദ്ധകുറവും താല്പര്യകുറവും.
- മാതാപിതാക്കൾക്ക്, കുട്ടികളുടെ പഠനപങ്കാളിത്തത്തിലും കൈത്താങ്ങ് നൽകുന്നതിലും അനുഭവപ്പെടുന്ന ബുദ്ധിമുട്ട്.
- സമയക്കുറവ്

## സാധ്യതകൾ:-

- ഐ. സി. ടി സാധ്യത ഉപയോഗിക്കാം
- വിവിധ പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും പഠനപ്രവർത്തനങ്ങൾ രസകരമാക്കാനുള്ള ഭൗതികസാഹചര്യങ്ങളുണ്ട്.

# പരിഹാരബോധനത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമികം

| പ്രവർത്തനം/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം/ സ്രോതസ്സ് |
|---|---|---|---|
| പിന്നോക്കം നിൽക്കുന്ന വർക്കായി അധികപഠന സമയക്രമീകരണം | 1 വർഷം | അധ്യാപകർ, മാതാപിതാക്കൾ, സഹപാഠികൾ | അക്ഷര വൃക്ഷം, ചിത്രകാർഡുകൾ, അക്ഷരകാർഡുകൾ<br>പദകാർഡുകൾ |
| ICT സാധ്യത | ആവശ്യമുള്ളപ്പോൾ | അധ്യാപകർ | അധ്യാപകർ,<br>You Tube, Google |
| സ്ക്കൂൾപ്രവർത്തനങ്ങൾ | അധ്യയന വർഷക്കാലം | എച്ച്.എം,പി. ടി.എ<br>അധ്യാപകർ | |
| ക്ലാസ്സ് പി. ടി. എ | പ്രതിമാസം | ക്ലാസ്സ് ടീച്ചർ, മാതാപിതാക്കൾ | |
| ബോധവത്ക്കരണക്ലാസ്സ് | ദിനാചരണത്തോടനുബന്ധിച്ച് | വിവിധക്ലബ്ബുകൾ | ക്ലാസ്സ് ടീച്ചർ<br>I C T |
| പ്രവൃത്തിപരിചയ, കായിക-കലാ പരിശീലന പരിപാടികൾ | ഓഗസ്റ്റ് -ഡിസംബർ | അധ്യാപകർ<br>മാതാപിതാക്കൾ | പി. ടി. എ |
| വാർഷികാഘോഷം | ജനുവരി | എച്ച്.എം,അധ്യാപകർ & പി.ടി. എ | പി. ടി. എ<br>കുട്ടികൾ, അധ്യാപകർ |
| പഠനയാത്ര | വർഷത്തിൽ ഒന്ന് | അധ്യാപകർ | കുട്ടികൾ |

| | | | |
|---|---|---|---|
| ജനറൽ ക്വിസ് | അധ്യയനവർഷം മുഴുവൻ | അധ്യാപകർ | അധ്യാപകർ |
| LSS Scholarship training | ഓഗസ്റ്റ് - ഫെബ്രുവരി | അധ്യാപകർ കുട്ടികൾ | അധ്യാപകർ |
| Library books reading | ഒരു വർഷം | അധ്യാപകർ കുട്ടികൾ,മാതാപിതാക്കൾ | അധ്യാപകർ കുട്ടികൾ |
| English Speaking | ഒരു വർഷം | അധ്യാപകർ കുട്ടികൾ, | അധ്യാപകർ കുട്ടികൾ |
| Club പ്രവർത്തനങ്ങൾ | ഒരു വർഷം | ക്ലാസ്സ് അധ്യാപക കുട്ടികൾ, മാതാപിതാക്കൾ | അധ്യാപകർ കുട്ടികൾ |
| Lingo Leap | ഒരു വർഷം | ക്ലാസ്സ് അധ്യാപക കുട്ടികൾ, മാതാപിതാക്കൾ | അധ്യാപകർ , പി. ടി. എ |

## I T മേഖല

| ഡിജിറ്റൽ സൗകര്യങ്ങൾ | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ-ഡസ്ക്ടോപ്പ് | ✓ | |
| ലാപ്ടോപ്പ് എല്ലാ ക്ലാസ്സിനും | ✓ | |
| പ്രൊജക്റ്റർ-എൽ. സി. ഡി | ✓ | |
| റേഡിയോ | ✓ | |
| ടി. വി | ✓ | |
| ഇന്റർനെറ്റ് കണക്ഷൻ | ✓ | |
| ക്ലാസ്സ് തല വാട്ട്സാപ്പ് ഗ്രൂപ്പുകൾ | ✓ | |
| സ്കൂൾ യൂട്യൂബ് ചാനൽ | ✓ | |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സെറ്റ് | | ✓ |
| E -Cube ലാഗ്വേജ് ലാബ് | | ✓ |
| ഇ-മെയിൽ ഐ ഡി | ✓ | |

## ഭൗതികം

| പ്രവർത്തനം/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം/ സ്രോതസ്സ് |
|---|---|---|---|
| ലൈബ്രറി പുസ്തകസമാഹരണം | ജൂൺ, ജൂലായ് | ക്ലാസ്സ് ടീച്ചർ | |
| ജൈവകൃഷി | 6 മാസത്തിലൊരിക്കൽ | PTA,Teachers & Students | PTA കൃഷിഭവൻ |
| ഔഷധത്തോട്ടം | 1 മാസം | അധ്യാപകർ | അധ്യാപകർ |
| ശലഭോദ്യാനം നവീകരണം | 3 മാസം | PTA & Students | Teachers |
| ടോയലററ് നവീകരണം | 1 മാസം | Mangement | Management |
| പാചകമുറി നവീകരണം | 2 മാസം | Mangement | Management |

## സാമൂഹികം

| പ്രവർത്തനം/പ്രവർത്തനരീതി | കാലയളവ് | ചുമതല | ധനകാര്യം/ സ്രോതസ്സ് |
|---|---|---|---|
| C P T A | എല്ലാമാസവും | | ക്ലാസ് ടീച്ചർ |
| വാർഷികാഘോഷം | വർഷത്തിലൊരിക്കൽ | P T A | HM,PTA,TEACHERS |
| ബോധവത്ക്കരണക്ലാസ്സ് | Termly | | വിവിധക്ലബ്ബുകൾ |
| ബാലോത്സവം | വർഷത്തിലൊരിക്കൽ | HM &Teachers | B R C |
| അഗതിമന്ദിരസന്ദർശനം | ,, | Teachers &Students | P T A |
| ഫീൽഡ് ട്രിപ്പ് | Termly | Teachers | PTA, Teachers |
| അഭിമുഖം | Yearly | Teacher | PTA, Teachers |
| വീടുസന്ദർശനം | July | Teacher | Teachers |

## പദ്ധതി വിശദാംശങ്ങൾ

**ENGLISH**

**STANDARD 1 & 2**

| Learning Out Comes | Activities | Duration | Charge | Sources |
|---|---|---|---|---|
| *To evaluate the reading and writing skills of students. | *Pre-test.<br>We have simple instructions in the class room.<br>*Divide the students into three category.And backward students will be given special training. | June 1st week<br><br>June to August | Class Teachers | |
| *To improve English proficiency in speaking. | • Introduce simple words.<br>• Identify familiar words.<br>• Say familiar words.<br>• Give chances to narrate the | June to march | Class Teachers | |

| | | | | |
|---|---|---|---|---|
| * To improve listening skills. | picture.<br>• Provide the opportunity to express myself in the class room.<br>• Conversation, stories and poems with the help of ICT<br>• Usage of Sargavela for English performance.<br>• English Assembly.<br>• Word Wing - Introducing a new word in assembly by teachers. | Every Friday of the week<br>January to March<br>June to march ( a word in a week) | | |
| * To improve reading skills. | *English story time in assembly by teachers.<br>*More listening opportunity in English.<br>* Games, action songs etc. | June to March (One story in a week)<br>June to March<br>June to March | Class Teachers | |
| *To improve writing skills | *English reading with the help of ICT<br>*Using with the reading cards students reads the words and sentences fluently.<br>*News paper | June to march<br>June to march | Class teachers<br>Class teachers<br>Class teachers | |

| | | | | |
|---|---|---|---|---|
| | reading in assembly. | January to march | | |
| *English Fest in Padanolsavam | *Word chain and sentence chain help them to make words and sentences.<br>*Make riddles<br>*Describing words<br>*Rhyming words<br>*Text book activities. | June to March | Class Teachers | |
| | * Students will showcase their improvement to English language skills. | March first week | Teachers | |

**Standard 3&4**

| Learning Out Comes | Activities | Duration | Charge | Sources |
|---|---|---|---|---|
| | Divided the students into three category. And backward students will be given special training. | June to August | STD I & II Class Teacher,<br>III –Aswini teacher<br>IV- Gifty teacher | Teachers |
| | • English speaking in daily classroom activities.Motivation through star system for best performers. | June to march | STD I & II Class Teacher,<br>III – Aswini teacher<br>IV- Gifty teacher | |

| | | | | |
|---|---|---|---|---|
| | | | | |
| | • English Club<br><br>• English Assembly<br><br>• Usage of Sargavela for English performance.<br>• Word Wing introducing a new word in assembly by teachers.<br>• Communicative English classes. | Once in a month<br><br>Three days in a week<br><br>Every Friday<br><br>June to march ( aword in a week) | Teachers | |
| | *English story time in assembly by teachers.<br>*More listening opportunity in English. | June to March | Teachers<br>III – Aswini teacher<br>IV- Gifty teacher | |
| | *News paper reading in class rooms.<br>*English reading corner in classrooms.<br><br>*More | June to march<br><br>June to | Class teachers<br><br>Class teachers<br><br>Library in charge | |

| | | | | |
|---|---|---|---|---|
| | Englishbooks in vayana veedu for motivating English reading in free times(lunch break) | march | | |
| | *Daily diary writing in English. | June to March | Class III – Aswini teacher<br>IV- Gifty teacher | |
| | *English Learning with ICT | June to March | Class Teacher | |
| | *English magazine | July to March | Class Tecaher | |
| | * Students will showcase their improvement to English languages skills. | March first week | Teachers | |
| LSS Coaching | More practices for LSS exam | September to January | IV- Gifty teacher | |

# ഗണിതം

**1, 2 ക്ലാസ്സുകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തക വിശകലനം |
|---|---|---|---|---|
| മുന്നറിവ് പരിശോധിക്കുന്നു | *പ്രീടെസ്റ്റ് നടത്തി പഠനനിലവാരം കണ്ടെത്തുന്നു.<br>*കുട്ടികളെ അവരുടെ അറിവിനനുസരിച്ച് ഗ്രൂപ്പുകളാക്കുന്നു | ജൂൺ ആദ്യവാരം | ക്ലാസ്സധ്യാപകർ | |
| | • സംഖ്യാഗാനങ്ങൾ ശ്രവിക്കുന്നു,പാടുന്നു. | ജൂൺ – | ക്ലാസ്ടീച്ചർ | |

| | | | | |
|---|---|---|---|---|
| സംഖ്യാഗാനങ്ങൾ | ● ഗണിത പ്രവർത്തനങ്ങൾ ആസ്വാദകരമാക്കുന്നു. | മാർച്ച് | | |
| | *സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതുന്നു | „ | „ | |
| | *സംഖ്യക്കനുസൃതമായി വസ്തുക്കൾ എണ്ണിയെടുക്കാൻ കഴിയുന്നു. വരയ്ക്കുന്നു.ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ നൽകുന്നു | „ | ക്ലാസ് ടീച്ചർ | |
| സചിത്ര ഗണിതം | *സംഖ്യകൾ ആരോഹണക്രമത്തിലും അവരോഹണക്രമത്തിലും എഴുതുന്നു | ജൂലായ് | ക്ലാസ്സ് ടീച്ചർ | |
| | *മുന്നിൽ, പിന്നിൽ, മധ്യത്തിലുള്ള സംഖ്യകളെ കണ്ടെത്തി എഴുതാനും പറയാനും കഴിയുന്നു. | „ | ക്ലാസ്സ് ടീച്ചർ | |
| | * ചിത്രങ്ങളിലൂടെ ഗണിതപ്രശ്നങ്ങൾ നിർദ്ദാരണം ചെയ്യുന്നതിനും അപഗ്രഥിച്ച് ഗണിതാശയം രൂപീകരിക്കുന്നു. | | ക്ലാസ്സ് ടീച്ചർ | |
| | *ചിത്രങ്ങൾ, വസ്തുക്കൾ, എന്നിവ ഉപയോഗിച്ച് സംഖ്യാ പാറ്റേണുകൾ തയ്യാറാക്കുന്നു. പരിചയപ്പെടുത്തുന്നു. (ഒറ്റ, ഇരട്ട, സംഖ്യാക്കൂട്ടങ്ങൾ) | ഓഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| | *സംഖ്യകളെ വിവിധ തരത്തിൽ വ്യാഖാനിക്കുന്നു. | .. | ക്ലാസ്സ്ടീച്ചർ | |
| | *ഒരക്ക സംഖ്യകളുടെ സങ്കലനവും വ്യവകലനവും | സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | |
| ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന് | *രണ്ടക്കസംഖ്യകളുടേയും ഒരക്കസംഖ്യയുടേയും സങ്കലനവും വ്യവകലനവും<br>*പൂജ്യം ഉൾപ്പെടുന്ന സങ്കലനവും വ്യവകലനവും | „ | ക്ലാസ്സ് ടീച്ചർ | |
| *രണ്ട് രണ്ടക്കസംഖ്യകൾ ഉൾപ്പെട്ട ഗണിതക്രിയകൾ ചെയ്യുന്നു. | *രണ്ട് രണ്ടക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം (പുനഃക്രമീകരണം ഇല്ലാത്തത്)<br>* രണ്ട് രണ്ടക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം (പുനഃക്രമീകരണം ഉള്ളത്) | ഒക്ടോബർ | „ | |
| *രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | *സങ്കലനവും വ്യവകലനവും ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നൽകുന്നു. (വർക്ക് ഷീറ്റുകൾ, സംഖ്യാകാർഡുകൾ) | നവംബർ | ക്ലാസ്സ് ടീച്ചർ | |
| വട്ടം, ചതുരം, ത്രികോണം, ഉൾപ്പെടുന്നജ്യാമിതീയ രൂപങ്ങൾ വരയ്ക്കു | *വിവിധ ജ്യാമിതീയ രൂപങ്ങൾ ഉൾപ്പെട്ട ചിത്രങ്ങൾ നിരീക്ഷിക്കുന്നു. സമാനമായവ തെരഞ്ഞെ | ഡിസംബർ | „ | |

| | | | | |
|---|---|---|---|---|
| ന്നു. | ടുക്കുന്നു. വരയ്ക്കുന്നു. | | | |
| നോട്ടുകളും നാണയങ്ങളും പരിചയപ്പെടുത്തുന്നു. ചേർത്തുവച്ച് ആകെ തുക കണ്ടെത്തുന്നു. | *കളിനോട്ടുകൾ, നാണയങ്ങൾ, സംഖ്യാകാർഡുകൾ എന്നിവ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു.<br>വിലവിവരപ്പട്ടിക ഉപയോഗിച്ച് പ്രായോഗിക പ്രശ്ന വിശകലന ക്രിയകളിൽ ഏർപ്പെടുന്നു. | ജനുവരി | ,, | |
| *വസ്തുക്കളുടെ നീളം, ഭാരം എന്നിവ ഊഹിച്ചു പറയുന്നു. അളന്നു കണ്ടെത്തുന്നു. | വ്യത്യസ്ത വസ്തുക്കളെ നിരീക്ഷിച്ചും അളന്നും തൂക്കിയും നീളം, ഭാരം എന്നിവ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ഫെബ്രുവരി | ,, | |
| കലണ്ടർ പരിചയപ്പെടുത്തുന്നു. | കലണ്ടർ നോക്കി മാസങ്ങൾ, ആഴ്ചകൾ, തിയതികൾ എന്നിവ നിരീക്ഷിക്കുന്നു. കണ്ടെത്തി പറയുന്നു. സംഖ്യാബന്ധങ്ങൾ വിശദീകരിക്കുന്നു. | മാർച്ച് | ,, | |
| **3,4 ക്ലാസ്സുകൾ**<br>*ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞ് ഗണിത ഭാഷയിൽ വ്യാഖ്യാനിക്കുന്നതിനും *പ്രത്യേകതകൾ കണ്ടെത്തുന്നതിനും | *രൂപങ്ങൾ പരിചയപ്പെടുന്നു.<br>*പ്രത്യേകതകൾ കണ്ടെത്തുന്നു.<br>*ചുറ്റുപാടും നിരീക്ഷിച്ച് രൂപങ്ങൾ തിരിച്ചറിയുന്നു. പട്ടികപ്പെടുത്തുന്നു.<br>*പാറ്റേൺ നിർമിക്കുന്നു.<br>*രൂപങ്ങൾ നിർമിക്കുന്നു.<br>*ടാൻഗ്രാം പരിചയപ്പെടുന്നു | ജൂൺ | നിഷ ടീച്ചർ | |
| തുടർച്ചയായി സംഖ്യകൾ എഴുതാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് നേടുന്നു.<br>സങ്കലനവും വ്യവകലനവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് | *മൂന്നക്ക സംഖ്യകൾ,നാലക്ക സംഖ്യകൾ,5 അക്ക സംഖ്യകൾ പരിചയപ്പെടുന്നു.<br>സംഖ്യാസ്ട്രിപ് ഉപയോഗിച്ച് സംഖ്യകൾ പ്രദർശിപ്പിക്കുന്നു.<br>അബ്ബാക്കസിൽ സംഖ്യകൾ ക്രമീകരിക്കുന്നു.<br>*സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിലാക്കുന്നു.<br>*തന്നിരിക്കുന്ന സംഖ്യ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാനും എഴുതാനും പരിശീലിക്കുന്നു.<br>* ഗണിതമൂല ഒരുക്കുന്നു. | ജൂൺ<br>ജൂലായ്<br>ഓഗസ്റ്റ് | Teachers | |
| സമയം ,നീളം, കലണ്ടർ എന്നിവ പരിചയപ്പെടുന്നു. അളവുകളുടെ വ്യത്യസ്ത യൂണിറ്റുകൾ പരിചയപ്പെടുന്നു.<br>പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു.<br>സമയ ദൈർഘ്യം കണ്ടെത്തുന്നു | ***സ്കെയിൽ പരിചയപ്പെടുന്നു.**<br>**സെന്റിമീറ്റർ മീറ്റർ എന്നിവ പരിചയപ്പെടുന്നു**<br>**വ്യത്യസ്ത വസ്തുക്കളുടെ നീളം ഊഹിച്ചും കൃത്യമായും കണ്ടെത്തുന്നു**<br>**തന്നിരിക്കുന്ന അളവിൽ കമ്പുകൾ മുറിച്ചെടുക്കുന്നു** | സെപ്റ്റംബർ | നിഷ ടീച്ചർ | |

| | | | | |
|---|---|---|---|---|
| | കലണ്ടർ നിരീക്ഷിച്ചു വ്യത്യസ്ത നമ്പർ പാറ്റേൺ തയ്യാറാക്കുന്നു | | | |
| **ഗുണന വസ്തുതകൾ പരിചയപ്പെടുക**<br><br>**ആവർത്തന സങ്കലനമാണ് ഗുണനം എന്ന് തിരിച്ചറിയുക**<br><br>**പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കഴിവ് നേടുക** | **നമ്പർ പാറ്റേൺ തയ്യാറാക്കുന്നു**<br><br>**ഷൂട്ടിംഗ് കോർണർ ടി ബി**<br><br>**കസേരയുടെ എണ്ണം എത്ര**<br><br>**ഗ്രാമോത്സവം ടി ബി**<br><br>**ഉച്ചഭക്ഷണം ടി ബി**<br><br>**ബലൂണുകൾ ടി ബി**<br><br>**സമ്മാനവിതരണം**<br><br>**സമാപന സമ്മേളനം** | ഒക്ടോബർ | നിഷ ടീച്ചർ | |
| *****ജീവിതാനുബന്ധമായ ക്രയവിക്രയങ്ങൾ രൂപ, പൈസ, എന്നിവ ഉപയോഗിച്ച് ചെയ്യാനുള്ള കഴിവ് നേടുന്നു. | *സംഖ്യാകാർഡ്, സംഖ്യാറിബ്ബൺ, സംഖ്യാ ടി വി , സംഖ്യാകാർഡ്, ഗ്രിഡ്, ( ഗണിതകിറ്റ്)<br>*കളിനോട്ടുകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശേഷി നേടുന്നു.<br>*ചില്ലറയാക്കാം.(ഗണിതകേളികൾ) | നവംബർ | നിഷ ടീച്ചർ | |
| *ഗുണന വസ്തുതകൾ തിരിച്ചറിഞ്ഞ് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | *ആവർത്തന സങ്കലനത്തിലൂടെ ഗുണന വസ്തുതകൾ തിരിച്ചറിയുന്നു.<br>*പാറ്റേൺ രൂപീകരിക്കുന്നു.<br>*നിത്യജീവിത പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു. ഗുണന വസ്തുതകൾ ഉപയോഗിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>* ഗണിതവിജയം – വളഗണിതം<br>* ക്ലാസ് പി ടി എ | ഡിസംബർ | നിഷ ടീച്ചർ | |
| *ഹരണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | *ആവർത്തന വ്യവകലമാണ് ഹരണം എന്ന് ബോധ്യപ്പെടുത്തുന്നു. (വസ്തുക്കൾ പങ്കുവയ്ക്കുന്നു) ലഘുപ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>* ഗണിത അസംബ്ലി | ജനുവരി | നിഷ ടീച്ചർ | |
| *നീളം, ഭാരം എന്നിവയുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു. | *അളവു പാത്രം നിരീക്ഷണം നടത്തുന്നു.<br>*യൂണിറ്റുകൾ പരിചയപ്പെടുത്തുന്നു.<br>*പരസ്പരബന്ധം കണ്ടെത്തി പട്ടികപ്പെടുത്തുന്നു.<br>*ഇവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരി | ഫെബ്രുവരി | നിഷ ടീച്ചർ | |

| | | | | |
|---|---|---|---|---|
| | ഹരിക്കുന്നതിനുള്ള പരിശീലനം നേടുന്നു.<br>*മീറ്റർ സ്കെയിൽ നിർമാണം | | | |
| *വിവരശേഖരണവുമായി ബന്ധപ്പെട്ട് ചിത്രീകരിക്കുന്നു. നിഗമനത്തിലെത്തുന്നു. | *ചിത്രം നിരീക്ഷിച്ച് പട്ടിക പൂർത്തീകരിക്കുന്നു. അവതരിപ്പിക്കുന്നു. നിഗമനങ്ങൾ രേഖപ്പെടുത്തുന്നു. നൂതനസാധ്യതകൾ കണ്ടെത്തുന്നു. | മാർച്ച് | നിഷ ടീച്ചർ | |
| കുട്ടികളിൽ ഗണിതപഠനം രസകരമാക്കുന്നതിന് ഗണിതക്ലബ്ബ് രൂപീകരണം | *ഗണിതമേളകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നു.<br>*നമ്പർ പാറ്റേൺ<br>*ഗണിത ക്വിസ്<br>*ജോമെട്രിക്കൽ പാറ്റേൺ<br>*സ്റ്റിൽ മോഡൽ | ജൂലായ് - മാർച്ച് | നിഷ ടീച്ചർ | |

## ഉദ്ഗ്രഥിതം (1, 2 ക്ലാസ്സ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വർധിപ്പിക്കൽ<br><br>മലയാളം മധുരം തുടരുന്നു<br><br>റീഡേഴ്സ് തീയേറ്റർ പാട്ടരങ്ങ് | *പ്രീ ടെസ്റ്റുനടത്തി പഠനനിലവാരം കണ്ടെത്തുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് തിരിക്കുന്നു. അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.<br>*അക്ഷരകാർഡ് നൽകി പദ നിർമ്മാണത്തിലേയ്ക്ക് നയിക്കുന്നു.<br>വായനാമൂല ഒരുക്കുന്നു.<br>പരിസ്ഥിതി ദിനം, വായനാ ദിനം... പോസ്ററർ, കവിതാലാപനം... സംയുക്ത ഡയറി തയ്യാറാക്കുന്നു. പാട്ടരങ്ങ് മഴക്കവിതകൾ | ജൂൺ | | |
| പഠനോപകരണ ശിൽപശാലകൾ | ചിത്രക്കാർഡ് നൽകി ഭാഷണത്തിനവസരം ഒരുക്കുന്നു.എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ വീട്ടിൽ ഒരു ലൈബ്രറി ഒരുക്കുന്നു. കൃഷി പതിപ്പ്, നാടൻ പാട്ട്... | ജൂലായ് | Class Teacher | |
| വായനാശേഷി ആശയാവതരണ രീതി | വായനക്കാർഡ് നൽകി വായിക്കാനും എഴുതാനും അവസരം നൽകുന്നു.ICT സാധ്യതയാടെ ചിത്രങ്ങൾ കാണിച്ച് വായന പരിപോഷി പ്പിക്കുന്നു. അ, ആ, ഇ, ഈ.. എന്നീ അക്ഷരം വരുന്ന ചിഹ്നങ്ങൾ പദങ്ങൾ ബോർഡിൽ എഴുതുന്നു. ആവർത്തിച്ച് വായിപ്പിക്കുന്നു. സ്വാതന്ത്ര്യ ദിന പതിപ്പ്, കവിതകൾ... | ഓഗസ്റ്റ് | ക്ലാസ്സ് ടീച്ചർ | |
| | *കഥകൾ പാട്ടുകൾ എന്നി വയിലൂടെ ആസ്വാദനശേഷി വളർത്തുന്നു.<br>*ചിഹ്നങ്ങൾ (ു,ൂ) വരുന്ന വായിച്ചറിഞ്ഞ കഥ/കവിത ചിത്രീകരിക്കുന്നു. ഉത്സവ അനുഭവം, ഉത്സവ പാട്ട് ... | സെപ്റ്റംബർ | ക്ലാസ് അധ്യാപകർ | |
| | ഉ,ഊ ഋ,എ,ഏ, വരുന്ന പദങ്ങൾ, ചിഹ്നങ്ങൾ ബോർഡിൽ എഴുതുന്നു. ആവർത്തിച്ച് | | | |

| | | | | |
|---|---|---|---|---|
| വിവരണം | വായിപ്പിക്കുന്നു.പദങ്ങൾക്ക് ഊന്നൽ നൽകുന്നു.കഥയിൽ നിന്ന് സംഭാഷണ രൂപീകരണം നടത്തുന്നു. വായനോത്സവം നടത്തുന്നു. | | | |
| ആസ്വാദനശേഷി<br><br>പൂർത്തീകരിക്കൽ | ICT ഉപയോഗിച്ച് ചിത്രം കാണിച്ച് ചിത്രത്തിൽഎന്തെല്ലാംഅടിക്കുറിപ്പ്തയ്യാറാക്കുന്നു.ഐ,ഒ,ഓ,ഔ,അംഎന്നീ അക്ഷരംവരുന്ന ചിഹ്നങ്ങൾ വരുന്നപദങ്ങൾ ക്ക് ഊന്നൽ നൽകുന്നു. വരികൾ കൂട്ടിച്ചേർക്കാം... | ഒക്ടോബർ | Class Teacher | |
| സർഗാത്മകത | ചിത്രത്തിൽ നിന്ന് കഥ രൂപീകരിക്കുന്നു.പറയുന്നു.എഴുതുന്നു. ക്ക,ച്ച,ട്ട,ത്ത,പ്പ കൂട്ടക്ഷരങ്ങൾ വരുന്ന പദങ്ങൾക്ക് ഊന്നൽ നൽകുന്നു.ശിശുദിനപോസ്റ്റർ നിർമ്മിക്കുന്നു. | നവംബർ | ക്ലാസ്സ് അധ്യാപിക | |
| വിവരണം<br><br>അവതരണം | * ചിത്രം കാണിച്ച് വിവരണം എഴുതുന്നു.<br>അറിയിപ്പ് ബോർഡ് തയ്യാറാക്കുന്നു.<br>ജലസ്രോതസ്സുകൾ വിവരിക്കുന്നു.ICT<br>ഞ്ഞ,ങ്ങ,ണ്ണ,ന്ന,മ്മകൂട്ടക്ഷരങ്ങൾവരുന്ന പദങ്ങൾക്ക് ഊന്നൽ നൽകുന്നു. | ഡിസംബർ | ക്ലാസ്സ് ടീച്ചർ | |
| | കഥാപൂരണം,കവിതാപൂരണം,ഡയറി | ജനുവരി | ക്ലാസ്സ് ടീച്ചർ | |
| | *കഥകൾ വായിക്കുന്നു. പൂർത്തിയാക്കുന്നു.<br>*കുട്ടികളുടെ സ്വതന്ത്രമായ രചനകൾ പ്രോത്സാഹിപ്പിക്കുന്നു.<br>*ആശയങ്ങളെ വാക്കുകളിൽ നിന്ന് വാക്യങ്ങളിലേയ്ക്കും വിവരണങ്ങളിലേയ്ക്കും എത്തിക്കുന്നു. | ഫെബ്രുവരി | ക്ലാസ്ടീച്ചർ | |
| | *വായനാകാർഡ് നിർമാണം<br>*ബാലസഭയിലെ അവതരണം<br>*ആൽബം/പതിപ്പ് നിർമാണം<br>*രചനോത്സവം | മാർച്ച് | ക്ലാസ്സ് ടീച്ചർ | |

## ഭാഷ(3, 4 ക്ലാസ്സ്)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| *കുട്ടികളിൽ അക്ഷര ജ്ഞാനം ഉറപ്പിച്ച് മലയാളം, ഭാഷാ പ്രാവീണ്യം ഉപയോഗിച്ച് വ്യവഹാരരൂപങ്ങൾ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | *പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ ഭാഷാ ശേഷി കണ്ടെത്തുന്നു.<br>*അതിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പായിതിരിച്ച് ഭാഷാപരമായി പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ മുന്നോക്കാവസ്ഥയിലെത്തിക്കുന്നു. | ഒന്നാം ടേം | ബിന്റ ടീച്ചർ<br>സി. ജിയ | |
| വായനാശേഷി | *വായനവീട് - കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും പുസ്തകസമാഹരണം നടത്തി സ്കൂളിൽ ഒരു വായനാവീട് ഒരുക്കുന്നു. ഒഴിവുസ | ജൂൺ | ബിന്റ ടീച്ചർ<br>സി. ജിയ | |

| | | | | |
|---|---|---|---|---|
| <u>വായനാശേഷി</u> | മയങ്ങളിൽ കുട്ടികൾ വായന യിലേർപ്പെടുന്നു. | | | |
| | സ്കൂൾ ലൈബ്രറി സജ്ജീക രണം | ജൂൺ | | |
| | *വായനാമൂല - സ്കൂൾ ലൈബ്രറിയിലേയും കുട്ടി കൾ കൊണ്ടുവന്നതിലെയും പുസ്തകങ്ങൾ ഉപയോഗിച്ച് ക്ലാസ്സിൽ വായനാമൂല സജ്ജ മാക്കുന്നു. കുട്ടികളെ ഗ്രൂപ്പായി തിരിച്ച് കുഞ്ഞുവാ യനാക്കൂട്ടം രൂപീകരിക്കുന്നു. | ജൂൺ | ബിന്റ ടീച്ചർ<br>സി. ജിയ | |
| | *അക്ഷരമരം - വിദ്യാലയ ത്തിൽ അക്ഷരമരം ഒരുക്കൽ കുട്ടികൾ തന്നെ അക്ഷര ങ്ങൾ എഴുതിയ ഇലകൾ സജ്ജമാക്കിയ മരത്തിൽ ഒട്ടി ക്കുന്നു. ആ അക്ഷരങ്ങൾ കോർത്തിണക്കി വാക്കുകൾ രൂപീകരിക്കുന്നു. | ജൂലായ് | ബിന്റ ടീച്ചർ<br>സി. ജിയ | |
| | *അമ്മവായന - സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മ മാർക്ക് പുസ്തകം തെര ഞ്ഞെടുക്കാൻ അവസരം നൽകുന്നു. വായനാക്കുറിപ്പ് മത്സരം നടത്തി മികച്ചതിന് സമ്മാനം നൽകുന്നു. | ജൂലായ് | ബിന്റ ടീച്ചർ<br>സി. ജിയ | |
| | സർഗാകത്മക ഡയറി ആരംഭം | ജൂലായ് | ബിന്റ ടീച്ചർ<br>സി. ജിയ | |
| | *പത്രവായന - സ്കൂൾ അസംബ്ലിയിൽ എല്ലാദിവ സവും പത്രവായനയ്ക്ക് അവസരം നൽകുന്നു. | എല്ലാ ദിവസവും | ബിന്റ ടീച്ചർ<br>സി. ജിയ | |
| | *വായനോത്സവം - കുട്ടികൾ വായിച്ച കൃതികളുടെ രംഗാ വിഷ്ക്കാരം നടത്തുന്നു.<br>വായിച്ച പുസ്തകത്തിലെ കഥാപാത്രത്തെ ആവിഷ്കരി ക്കൽ<br>വായനക്കുറിപ്പ് തയാറാക്കുന്നു | ജൂലായ് | ബിന്റ ടീച്ചർ<br>സി. ജിയ | |
| <u>പരന്നവായന</u><br><br><u>ശ്രവണം</u> | * സർഗവേദി - Voice of S H എന്ന റേഡിയോ പരിപാടി യിലൂടെ കുട്ടികൾ തങ്ങൾക്ക് പരിചിതമായ കഥ, കവിത, നാടകം തുടങ്ങിയവ അവത രിപ്പിക്കുന്നു. | ജൂലായ് മുതൽ ആഴ്ചയി ലൊരി ക്കൽ | ബിന്റ ടീച്ചർ<br>സി. ജിയ | |
| | *ICT സാധ്യതകൾ - E - വാ യന<br>മലയാളം കഥകൾ, കവിത കൾ, സംഭാഷണങ്ങൾ എന്നിവ ICT സാധ്യത ഉപ | ഓഗസ്റ്റ് | ബിന്റ ടീച്ചർ<br>സി. ജിയ | |

| | | | | |
|---|---|---|---|---|
| അവതരണം | യോഗപ്പെടുത്തി കാണാനും കേൾക്കാനും അവസരം നൽകുന്നു.<br>ഇ-വായന പരിചയപ്പെടുത്തുന്നു.<br>ബ്ലോഗുകളിലൂടെ ഡിജിറ്റൽ വായന നടത്തുന്നു. | | | |
| | നാടോടിക്കഥ പറയൽ | ഓഗസ്റ്റ് | ബിന്റ ടീച്ചർ<br>സി. ജിയ | |
| ലേഖനം | *ഡയറിക്കുറിപ്പ് - അനുദിന ജീവിതാനുഭവങ്ങൾ രേഖപ്പെടുത്തുന്നതിനായി ഡയറി എഴുത്ത് ശീലമാക്കുന്നു. | സെപ്റ്റംബർ | ബിന്റ ടീച്ചർ<br>സി. ജിയ | |
| സർഗാത്മകത, വായന | *വായനാകാർഡ് നിർമാണം - പരിചിതമായ കഥകളും കവിതകളും ചിത്രങ്ങളും ഉൾപ്പെടുത്തി വ്യക്തിഗതമായി വായനാകാർഡ് നിർമിക്കുന്നു. അവ ക്ലാസ്സ് ലൈബ്രറിയിൽ സജ്ജീകരിക്കുന്നു. | ഒക്ടോബർ | ബിന്റ ടീച്ചർ<br>സി. ജിയ | |
| വിവരണം | *പഠനയാത്രകൾ - സ്കൂളിൽ നിന്നും പഠനയാത്രകൾ സംഘടിപ്പിക്കുന്നു. കണ്ട കാഴ്ചകളെ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കുന്നു | നവംബർ | ബിന്റ ടീച്ചർ<br>സി. ജിയ | |
| സംഭാഷണം | *അഭിമുഖം - സാഹിത്യകാരന്മാരുമായുള്ള അഭിമുഖം കുട്ടികൾ തന്നെ ചോദ്യാവലി തയ്യാറാക്കി നടത്തുന്നു. | ഡിസംബർ | ബിന്റ ടീച്ചർ<br>സി. ജിയ | |
| സർഗാത്മകരചന | *കഥാപതിപ്പ് നിർമാണം - നിശ്ചിതചിത്രം നൽകിക്കൊണ്ട് അനുയോജ്യമായ കഥ തയ്യാറാക്കുന്നു. അവ ഉൾപ്പെടുത്തി പതിപ്പ് നിർമിക്കുന്നു. | ഡിസംബർ | ബിന്റ ടീച്ചർ<br>സി. ജിയ | |
| സർഗാത്മകരചന | രചനാപരിചയക്കുറിപ്പ് തയ്യാറാക്കുന്നു<br>*ബാലസഭയിലെ അവതരണം | ഡിസംബർ | ബിന്റ ടീച്ചർ<br>സി. ജിയ | |
| രചനാപരിചയക്കുറിപ്പ് | രചനാപരിചയക്കുറിപ്പ് ശേഖരിച്ച് മാഗസിൻ തയ്യാറാക്കുന്നു | ജനുവരി - മാർച്ച് | ബിന്റ ടീച്ചർ<br>സി. ജിയ | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| കൗതുകം,ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുന്നു. പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തുന്നു. | *ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുന്നു. *പ്രത്യേകതകൾ മനസ്സിലാക്കുന്നു. *പ്രകൃതി നടത്തം *സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ *പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടുന്നു *സസ്യങ്ങളുടെ വിവിധഭാഗങ്ങൾ തിരിച്ചറിഞ്ഞ് അവയു ടെ ധർമങ്ങൾ മനസ്സിലാക്കു ന്നു. *പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കുന്നു. *ലീഫ് ആർട്ട് പ്രദർശനം *കാർഷികക്ലബ്ബ് | ജൂൺ | അനില ടീച്ചർ സി. സൗമ്യ | |
| **സ്വാതന്ത്ര്യ സമര സേനാനികളെ പരിചയപ്പെടുന്നതിലൂടെ ദേശീയ ബോധം വളർത്തുന്നു**<br><br>**ഭൂപട വായന**<br><br>**കേരളം - ഇന്ത്യ**<br><br>**,സംസ്ഥാനങ്ങൾ, ജില്ലകൾ എന്നിവ മനസിലാക്കുന്നു,പട്ടികപ്പെടുത്തുന്നു** | **സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ - വീഡിയോ പ്രദർശനം**<br><br>**ഗാന്ധിജി, നെഹ്റു എന്നിവരെ കുറിച്ചറിയാൻ അവസരങ്ങൾ നൽകുന്നു**<br><br>**കേരളം,ഇന്ത്യ ഭൂപട വായന ഭൂപട രചന**<br><br>**കേരളത്തിലെ ജില്ലകൾ , ഇന്ത്യയിലെ സംസ്ഥാനങ്ങൾ പട്ടികപ്പെടുത്തുന്നു** | ജൂലായ് | അനില ടീച്ചർ സി. സൗമ്യ | |
| *നമുക്ക് ചുറ്റുമുള്ള ജന്തുജാലങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക. *പക്ഷിനിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക പ്രശസ്ത പക്ഷിനിരീക്ഷകരെ പരിചയപ്പെടൽ | *നമുക്ക് ചുറ്റുമുള്ള ജീവികളെ കണ്ടെത്തുന്നു, പ്രത്യേകതകൾ തിരിച്ചറിയുന്നു. സഞ്ചാരരീതികൾ, അനുകൂലനങ്ങൾ എന്നിവ തിരിച്ചറിയുന്നു. *സ്കൂൾ പൂന്തോട്ടത്തിൽ ചിത്രശലഭങ്ങളെ ആകർഷിക്കുന്ന ചെടി | ഓഗസ്റ്റ് | അനില ടീച്ചർ സി. സൗമ്യ | |

| | | | | |
|---|---|---|---|---|
| | കൾ നട്ടുപിടിപ്പിക്കുന്നു.<br>*ദേശാടന പക്ഷികൾ - കുറിപ്പ്<br>*പക്ഷിസങ്കേതങ്ങൾ പട്ടിക പ്പെടുത്തൽ | | | |
| * ജലസ്രോതസ്സുകൾ സംരക്ഷി ക്കേണ്ടതിന്റെ ആവശ്യകത | *ജലസ്രോതസ്സുകൾ കണ്ടെത്തി അവ സംരക്ഷി ക്കേണ്ട ആവശ്യകത മന സ്സിലാക്കുന്നു.<br>*മഴ മാപിനി നിർമാണം<br>*മണ്ണും ജലവും - ആശയ പടം പൂർത്തിയാക്കൽ | സെപ്റ്റം ബർ ഒക്ടോ ബർ | അനില ടീച്ചർ<br>സി. സൗമ്യ | |
| ശാസ്ത്ര പഠനത്തിൽ താല്പര്യം ജനിപ്പിക്കൽ<br><br>പരീക്ഷണ മനോഭാവം വളർത്തൽ | *സയൻസ് ക്ലബ് പ്രവർത്തനങ്ങൾ<br><br>*ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു<br><br>* ശാസ്ത്ര പ്രദർശനങ്ങൾ | - നവം ബർ ഡിസംബർ | അനില ടീച്ചർ<br>സി. സൗമ്യ | |
| *വ്യക്തി ശുചിത്വവും പരിസര ശുചി ത്വവും | *ദിവസവും പ്രഭാത കൃത്യ ങ്ങൾ നിർവ്വഹിക്കേണ്ട തിന്റെ പ്രാധാന്യം മനസ്സി ലാക്കിക്കൊടുക്കുന്നു.<br>*വ്യക്തി ശുചിത്വം പാലി ക്കേണ്ടതെങ്ങനെയെന്ന് ചർച്ച ചെയ്യുന്നു.<br>*ശുചിത്വശീലങ്ങൾ നിർദ്ദേശിക്കുന്നു.<br>*പരിസര ശുചീകരണം | ജനുവരി - ഫെബ്രു വരി | അനില ടീച്ചർ<br>സി. സൗമ്യ | |
| പൊതുസ്ഥാപനങ്ങൾ സന്ദർശനം , പരിചയപ്പെടൽ | പൊതുസ്ഥാപനങ്ങൾ സന്ദർശനം<br><br>പോസ്റ്റ് ഓഫീസ് , പോലീസ് സ്റ്റേഷൻ സന്ദർശനം പരിചയപ്പെടൽ | മാർച്ച് | അനില ടീച്ചർ<br>സി. സൗമ്യ | |

# കല - പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *കുട്ടികളുടെ കല - സാംസ്കാരിക - പ്രവൃത്തി പരിചയമേഖലകളിലെ കഴിവുകൾ ഉയർത്തുന്നതിന് | *സ്കൂളിലെ പൊതുപരിപാടികളിൽ കുട്ടികളുടെ സ്വന്തം രചനകൾ അവതരിപ്പിക്കുന്നു.<br>*ദിനാചരണങ്ങളിലുള്ള കലാപരവും, സർഗാത്മകപരവുമായുള്ള കുട്ടികളുടെ പങ്കെടുക്കൽ | ഒന്നാം ടേം<br><br>വർഷം മുഴുവൻ | അധ്യാപകർ | |
| *തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നതിന് | *കലാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.<br>*ശില്പശാലകൾ സംഘടിപ്പിക്കുന്നു. | രണ്ടാം ടേം | അധ്യാപകർ, പി. ടി. എ | 2500/- |
| *കുട്ടികളിൽ സ്വതന്ത്രവും ഭാവനാപരവുമായ കഴിവുകൾ വളർത്തുന്നതിന് | *ബാലസഭയിലെ അവതരണം<br>*ആൽബം/ പതിപ്പ് നിർമാണം<br>*ബാലകലോത്സവം | വർഷം മുഴുവൻ | അധ്യാപകർ | |
| *കുട്ടികളിലെ കലാപരമായ ശേഷികൾ വളർത്തുന്നതിനും, ചുറ്റുപാടിൽ നിന്നും പാഴ് വസ്തുക്കളിൽ നിന്നും പുതിയ ഉല്പന്നങ്ങൾക്ക് രൂപം കൊടുക്കുന്നതിന് | *ഗ്രൂപ്പ് തിരിച്ച് കര-കൗശല പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നു. (തുന്നൽ, കുട നിർമാണം, പുഷ്പനിർമാണം, പാവകളി )<br>*ക്ലാസ്സ് തല - സ്കൂൾ തല പ്രവൃത്തിപരിചയ-കലാ മത്സരം | രണ്ടാം ടേം | അധ്യാപകർ | |
| | *ദിനാചരണങ്ങളിൽ കുട്ടികളുടെ സ്വയം നിർമിത വസ്തുക്കൾക്കൊണ്ടുള്ള അലങ്കാരം | വർഷം മുഴുവൻ | അധ്യാപകർ | |
| | കലാ വികസനത്തിന് റേഡിയോ പരിപാടികൾ (Voice of S H) | വർഷം മുഴുവൻ | അധ്യാപകർ | |
| | *ബാലസഭയിലും അസംബ്ലിയിലും ഭിന്നശേഷി കുട്ടികൾക്ക് പ്രത്യേകം അവസരം നൽകുന്നു. | വർഷം മുഴുവൻ | അധ്യാപകർ | |
| | *ക്ലാസ്സിലും അസംബ്ലിയിലും കുട്ടികൾക്ക് കഥ, കവിത തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു. | വർഷം മുഴുവൻ | അധ്യാപകർ | |
| | *വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | അധ്യാപകർ | |
| | *ഉപജില്ല, ജില്ലാ തല മത്സരങ്ങളിൽ കുട്ടികൾക്ക് പങ്കെടുക്കാൻ അവസരം നൽകുന്നു. | വർഷം മുഴുവൻ | അധ്യാപകർ | |
| | *ഡാൻസ്, പാട്ട്, തുടങ്ങിയവയിൽ പരിശീസനം നൽകുന്നു | ജൂലായ് - ജനുവരി | സ്പെഷ്യലിസ്റ്റ് അധ്യാപകർ | |
| | *കുട്ടികളുടെ കഴിവുകൾ പ്രകടമാക്കുന്നതിന് വാർഷികാഘോഷപരിപാടി | ഫെബ്രുവരി | അധ്യാപകർ | |

## കായികം

| | | | | |
|---|---|---|---|---|
| പുതു തലമുറയിൽ ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ കായികക്ഷമത ഉറപ്പാക്കുന്നതിന് ആവശ്യമായ വ്യത്യസ്ത പരിപാടികൾ നടപ്പിലാക്കുക. | കുട്ടികളിലെ കായികക്ഷമത പരിശോധന നടത്തുന്നു. | ഒന്നാം<br><br>ടേം | ക്ലാസ്സ് ടീച്ചർ,<br><br>ഹെൽത്ത് ക്ലബ്ബ് അദ്ധ്യാപകർ | |
| മനസ്സിനും ശരീരത്തിനും ഉന്മേഷം നൽകുന്ന യോഗ, കരാട്ടെ പോലെയുള്ള പരിശീലനങ്ങൾ പ്രോത്സാഹിപ്പിക്കുക | *കുട്ടികളുടെ താല്പര്യം അനുസരിച്ച് വിവിധ ഗ്രൂപ്പുകളാക്കി തിരിച്ച് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നു. (യോഗ, കരാട്ടെ തുടങ്ങിയപ്രവർത്തനങ്ങൾ)<br><br>*ബാന്റ്സെറ്റ് പരിശീലനം | ഒരു വർഷം | അധ്യാപകർ,<br><br>രക്ഷിതാക്കൾ | |
| *കുട്ടികളിൽ നേതൃത്വപാടവംവളർത്തുക. | പി. ടി. പരിശീലനത്തിനായി മാസ്സ് ഡ്രിൽ നടത്തുന്നു. | ആഴ്ചയിൽ 2 പിരീഡ് | അധ്യാപകർ | |
| | *സ്കൂൾ അസംബ്ലി നേതൃത്വം<br>*മേളകൾ സംഘടിപ്പിക്കൽ<br>*ഇൻഡോർ കളികൾക്ക് ക്ലാസ്സ് റൂം പ്രയോജനപ്പെടുത്തുന്നു. | രണ്ടാം<br>ടേം | | |
| | പഠനവുമായി ബന്ധിപ്പിച്ച് കുട്ടികളുടെ ഓർമ്മശക്തി, ബുദ്ധിശക്തി തുടങ്ങിയവ വികസിപ്പിക്കുന്നതിന് | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| | ആവശ്യമായ കളികൾ ക്ലാസ്സ് റൂമിൽ സംഘടിപ്പിക്കുന്നു. (memory test) | | | |
| | *സംഘപ്രവർത്തനം കളികൾ എന്നിവയിലൂടെ സംഘബോധം സാമൂഹിക ബോധം പങ്കിടൽ എന്നിവ വികസിപ്പിക്കുന്നു. (ബോൾ പാസ്സിങ്ങ്) | ഒരു മാസം | ക്ലാസ്സ് ടീച്ചർ | |
| | *കുട്ടികളുടെ മാനസിക ഉല്ലാസത്തിന് ഉതകുന്നതുമായ പാർക്ക്<br>*ചിരി ക്കൂട്ടായ്മ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |

പ്രതീക്ഷിത നേട്ടങ്ങൾ

- പഠനത്തിൽ പിന്നോക്കം നിൽകുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി അവരെ പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങളിൽ സജീവമാക്കുന്നു.
- ഗണിതകേളിയിലൂടെ ഗണിതപഠനം രസകരമാക്കുന്നു.
- വിദ്യാലയംതന്നെ ഒരു പഠനോപകരണമാക്കി മാററിക്കൊണ്ട് കുട്ടികൾക്ക് നേരനുഭവം നൽകുവാനും കുട്ടികളുടെ സമഗ്രവികസനത്തിനുതകും വിധം പഠനാന്തരീക്ഷം ശിശുസൗഹൃദം ഫലപ്രദവുമാക്കുന്നു.
- കുട്ടികളിൽ ശുചിത്വ ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കാൻ സമഗ്രമായ പോഷകാഹാരപരിപാടികൾ സംഘടിപ്പിക്കുന്നു.
- വിദ്യാലയ സമഗ്രവികസന പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പി.ടി.എ, എം.പി.ടി.എ, സി.പി.ടി.എ എസ്.എസ്.ജി തുടങ്ങിയവരുടെ ആവശ്യമായ സാമൂഹ്യപിന്തുണ ഉറപ്പാക്കുന്നു.
- പഠനം പരിസരബന്ധിതമാക്കുവാനുമായി സ്കൂളിൽ ജൈവോദ്യാനം നിർമ്മിച്ചിരിക്കുന്നു കുട്ടികളിൽ കാർഷിക സംസ്ക്കാരം വളർത്തിയെടുക്കാനും ശ്രമിക്കുന്നു
- അറിവിന്റെ നിർമാണപ്രക്രിയയിൽ സജീവമായി ഇടപെടുന്നതിന് ലൈബ്രറികളും, ഇ-ക്ലാസ് റൂമുകളും സഹായിക്കുന്നു.
- കായിക വിദ്യാഭ്യാസം നൽകി കായികക്ഷമത ഉറപ്പു വരുത്തുന്നു.
- ഭാഷാകേളിയിലൂടെ ഭാഷാനൈപുണി വികസിപ്പിക്കുന്നു.

## മോണിറ്ററിംഗ്

കുട്ടിളുടെ പ്രശ്നങ്ങളും പോരായ്മകളും മേന്മകളും കണ്ടെത്തുന്നതിനു നടത്തിയ വിലയിരുത്തലിൽ നിരന്തര മോണിററിംഗ് ആവശ്യമാണ്. പഠനവിടവുകളെ നികത്തി വീണ്ടും വിദ്യാർഥികളെ മികവിന്റെ മുൻ നിരയിലേയ്ക്കെത്തിക്കുക എതാണ് ഈ മാസ്റ്റർ പ്ലാനിലൂടെ ഉദ്ദേശിക്കുന്നത്. ഈ ലക്ഷ്യം നേടാൻ ശക്തമായ മോണിററിംഗ് എല്ലാതലത്തിലും അനിവാര്യമാണ്.

സ്ക്കൂൾതലം

| | | |
|---|---|---|
| ചെയർമാൻ | : | വാർഡ്മെമ്പർ |
| വൈസ്ചെയർമാൻ | : | പി.ടി.എ പ്രസിഡണ്ട് |
| കൺവീനർ | : | ഹെഡ്മാസ്ററർ/പ്രിൻസിപ്പാൾ/ എച്ച്.എസ്.എസ് |
| ജോ.കൺവീനർ | : | അധ്യാപകർ |
| അംഗങ്ങൾ | : | പി.ടി.എ |
| എക്സിക്യൂട്ടീവ് | : | വിദ്യാഭ്യാസ വിദഗ്ദർ |

## ഉപസംഹാരം

ഈ അധ്യായനവർഷത്തിൽ വിദ്യാലയത്തിന്റെ വിജയപരാജയങ്ങളെ വിലയിരുത്തി മുന്നോട്ട് കുതിക്കാൻ ഈ അപഗ്രഥനം ഏറെ സഹായകരമാണ്. എച്ച്. എം, അധ്യാപകർ, പി. ടി. എ, ക്ലാസ്സ് പി. ടി. എ, എം. പി. ടി.എ എന്നിവയുടെ സംഘടിതമായ ഒത്തുചേരലും പ്രവർത്തനങ്ങളും വിദ്യാലയത്തെ ഉയർച്ചയിലേയ്ക്ക് നയിക്കുമെന്നതിൽ സംശയമില്ല. അതിനാൽ ഈ മുന്നൊരുക്കങ്ങൾ ഈ അധ്യയനവർഷത്തെ ഫലസമൃദ്ധമാക്കട്ടെയെന്ന് ആശംസിക്കുന്നു.

**<u>അനുബന്ധം</u>** വിലയിരുത്തൽ

| **നടപ്പു വർഷം** | **മുൻവർഷം** |
|---|---|
| എൽ. എസ്സ്.എസ്സ് സ്കോളർഷിപ്പ് 6 കുട്ടികൾക്ക്. | എൽ. എസ്സ്.എസ്സ് സ്കോളർഷിപ്പ് 28 കുട്ടികൾ എഴുതി.അതിൽ 14 കുട്ടികൾക്ക് കിട്ടി. |
| എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ്സ് റൂം | എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ്സ് റൂം |
| ജൈവവൈവിധ്യമാർന്ന സ്കൂൾ പരിസരം | ജൈവവൈവിധ്യമാർന്ന സ്കൂൾ പരിസരം |
| എല്ലാ ദിവസവും അ സംബ്ലിയിൽ ഒന്നുചേരാനാവും വിധം സ്നേഹത്തണൽ | എല്ലാ ദിവസവും അ സംബ്ലിയിൽ ഒന്നുചേരാനാവും വിധം സ്നേഹത്തണൽ |
| യോഗ, കരാട്ടെ, ഡാൻസ്, പാട്ട്, കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, ഗ്രാമർ പഠനം, സ്പോർട്സ് | യോഗ, കരാട്ടെ, ഡാൻസ്, പാട്ട്, കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, ഗ്രാമർ പഠനം |
| ബാന്റ്സെറ്റ് | ബാന്റ്സെറ്റ് |
| ഉപജില്ല പ്രവർത്തിപരിചയ മേളകൾ | ഉപജില്ല, റവന്യൂ ജില്ല പ്രവർത്തിപരിചയ മേളകൾ |
| ഉപജില്ല കലോത്സവം | ഉപജില്ല കലോത്സവം |
| ശാസ്ത്ര,ഗണിതശാസ്ത്ര മേളകൾ, കായിക പരിശീലനം<br>ശിശുദിനറാലി | ശാസ്ത്ര,ഗണിതശാസ്ത്ര മേളകൾ, കായിക പരിശീലനം<br>ശിശുദിനറാലി |
| സ്ക്കൂൾ റേഡിയോ - **Voice of SH** | സ്ക്കൂൾ റേഡിയോ |
| ക്ലാസ്സ് പിടിഎ | ക്ലാസ്സ് പിടിഎ |
| ഔഷധത്തോട്ടം | ഔഷധത്തോട്ടം |
| പച്ചക്കറിത്തോട്ടം | പച്ചക്കറിത്തോട്ടം |
| മുന്നൊരുക്കങ്ങൾ, അക്കാദമിക ക്ലാസ്സ് തല പ്ലാനിങ്ങ്<br>**Lingo Leap - Improving proficiency in English language** | മുന്നൊരുക്കങ്ങൾ, അക്കാദമിക ക്ലാസ്സ് തല പ്ലാനിങ്, പഠനവിടവ് നികത്താൻ ഗണിത കേളി പദ്ധതി |